പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1389 — 30.09.2011-ൽ മറുപടിയ്ക്ക്

## കുരുമുളകിന്റെ ഉൽപ്പാദനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ കുരുമുളകിന്റെ ഉല്പാദനം ഗണ്യമായ രീതിയിൽ കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതേക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ; | (ബി) കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാല, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസേർച്ച്, കൃഷി വിജ്ഞാന കേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങൾ വയനാട്ടിലെ കുരുമുളക് വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദന ക്ഷമത എന്നിവ സംബന്ധിച്ച് പഠനം നടത്തികൊണ്ടിരിക്കുന്നുണ്ട്. വർദ്ധിച്ച രോഗ കീടബാധ, വൈറസ് ബാധ, കീടബാധമൂലം താങ്ങ് കാലുകളുടെ നഷ്ടം, കാലാവസ്ഥ വ്യതിയാനം, മഴ ലഭ്യത കുറവ്, വില ഇടിവ് എന്നിവ കുരുമുളകിന്റെ ഉൽപ്പാദനം കുറയുന്നതിന് ഇടയാക്കിയിട്ടുണ്ട്. |

| | |
|---|---|
| (സി) കുരുമുളക് കൃഷിയെ ആശ്രയിച്ചു കഴിയുന്ന കേരളത്തിലെ ഇടുക്കി, വയനാട് തുടങ്ങിയ ജില്ലകളിലെ കൃഷിക്കാർക്ക് കുരുമുളക് ചെടി റീപ്ലാന്റ് ചെയ്ത് കുരുമുളക് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ആവശ്യമായ ധനസഹായം ലഭ്യമാക്കുമോ ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ ? | (സി) അത്യുൽപ്പാദന ശേഷിയുള്ള കുരുമുളക് വള്ളികൾ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസേർച്ച്, കോഴിക്കോട് വഴിയും പന്നിയൂർ കുരുമുളക് ഗവേഷണകേന്ദ്രം വഴിയും ലഭ്യമാക്കുകയും വികേന്ദ്രീകൃത നേഴ്സറി വഴി വർദ്ധനവ് നടത്തി വിതരണം ചെയ്യും വരുന്നു. പുതിയ താങ്ങുകാലുകൾ വെച്ച് പിടിപ്പിക്കുന്നതിന് 10 രൂപ പ്രകാരം നൽകിവരുന്നുണ്ട്. കുരുമുളക് പ്രദർശന തോട്ടങ്ങൾ തയ്യാറാക്കി കർഷകരെ ബോധവൽക്കരിക്കുന്നുണ്ട്. കുരുമുളക് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഉൽപ്പാദന ഉപാധികൾക്ക് ഹെക്ടറിന് 10,000/- രൂപയുടെ ആനുകൂല്യവും നൽകുന്നുണ്ട്. കുരുമുളക് സമിതികൾ പുനരുജ്ജീവിപ്പിക്കാൻ 15,000/- രൂപ പ്രകാരം നൽകുന്നുണ്ട്. പദ്ധതി ആനുകൂല്യം സമിതിയുടെ സഹകരണത്തോടെ ഗുണഭോക്താക്കളിൽ എത്തിക്കുന്നു. കൃഷി വകുപ്പ് 2011-12 വർഷം വയനാട് ജില്ലയിൽ പ്രസ്തുത പദ്ധതിക്കായി 625 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.<br><br>ഇടുക്കി ജില്ലയിൽ സ്പൈസസ് ബോർഡ് കുരുമുളക് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിവരുന്നു. കുരുമുളക് തോട്ടങ്ങൾ പുനരുജ്ജീവിപ്പിക്കുന്ന പ്രസ്തുത പദ്ധതിയിൽ കുരുമുളക് വള്ളികൾക്കും ജൈവ രാസവള പ്രായോഗത്തിനും സ്പൈസസ് ബോർഡിൽ നിന്നും സബ്സിഡി നൽകുന്നു. |

R. A. Bd'sc
സെക്ഷൻ ഓഫീസർ